**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2900 11.12.2014 -ലെ മറുപടിയ്ക്ക്

**ബി.എഡ് കോളേജുകൾക്ക് അംഗീകാരം നഷ്ടപ്പെട്ടത് സംബന്ധിച്ച്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശിവൻകുട്ടി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാലയുടെ കീഴിലുള്ള 10 ബി.എഡ് കോളേജുകൾക്ക് NCTE-യുടെ അംഗീകാരം നാളിതുവരെയും ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, പ്രസ്തുത കോളേജുകളിൽ ജോലി ചെയ്യുന്ന ഇരുന്നൂറോളം അധ്യാപകരുടെ ജോലി സംരക്ഷണവും, പഠിതാക്കളായ രണ്ടായിരത്തോളം വിദ്യാർത്ഥികളുടെ പഠനാവസരവും നഷ്ടപ്പെടാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുകൾ കേരള സർവ്വകലാശാല നേരിട്ടു നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളാണ്. ഇവ സർക്കാർ ഗ്രാന്റ് നൽകി നടത്തുന്ന സ്ഥാപനങ്ങളല്ല. പ്രസ്തുത സ്ഥാപനങ്ങളിൽ കോഴ്സ് നടത്തുന്നതിനുള്ള അംഗീകാരം 2014-15 അദ്ധ്യയന വർഷം മുതൽ (NCTE) പിൻവലിക്കുകയുണ്ടായി . പ്രസ്തുത സ്ഥാപനങ്ങൾ സ്വാശ്രയ സ്ഥാപനങ്ങളായതിനാൽ കരാറടിസ്ഥാനത്തിൽ താല്ക്കാലികമായിട്ടാണ് അദ്ധ്യാപകരെ നിയമിച്ചിരുന്നത്. 2014-15 അദ്ധ്യയന വർഷത്തിൽ സർവ്വകലാശാലയ്ക്ക് ബി.എഡ്. കോഴ്സുകൾ നടത്താൻ സാധ്യമല്ലാത്തതിനാൽ താല്ക്കാലിക അദ്ധ്യാപകരുടെ കരാർ പുതുക്കി നൽകാൻ കഴിയില്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. NCTE അംഗീകാരം പുനസ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അംഗീകാരം പുന:സ്ഥാപിക്കുന്ന മുറയ്ക്ക് താല്ക്കാലിക അദ്ധ്യാപകരുടെ കരാർ ആവശ്യമുള്ള പ്രകാരം പുതുക്കി നൽകുന്നതാണ്. നിലവിലുള്ള പഠിതാക്കൾക്ക് അവരുടെ കോഴ്സ് പൂർത്തിയാക്കുന്നതിന് സാങ്കേതിക തടസ്സങ്ങളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ